"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് - ക്രിമറ്റോറിയം, രവീന്ദ്രൻ മാസ്റ്റർ സ്മാരകം എന്നിവയുടെ ഉദ്ഘാടനങ്ങളും ലൈഫ് പാർപ്പിട പദ്ധതിയിലെ പൂർത്തീകരണ പ്രഖ്യാപനവും - ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്**

G.O.(Rt)No.1420/2023/LSGD തീയതി,തിരുവനന്തപുരം, 12-07-2023

---

പരാമർശം:- 1. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23-06-2023 തീയതിയിലെ കത്ത്.

**ഉത്തരവ്**

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കുന്ന രവീന്ദ്രൻ മാസ്റ്റർ സ്മാരകം ,ക്രിമറ്റോറിയം എന്നിവയുടെ ഉദ്ഘാടനങ്ങളും ലൈഫ് പാർപ്പിട പദ്ധതിയിലെ പൂർത്തീകരണ പ്രഖ്യാപനവും സംബന്ധിച്ച് ബഹു.സംസ്ഥാന മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പുതുതായി നിർമ്മിച്ച ക്രിമറ്റോറിയം, രവീന്ദ്രൻ മാസ്റ്റർ സ്മാരകം എന്നിവയുടെ ഉദ്ഘാടനങ്ങളും ലൈഫ് പാർപ്പിട പദ്ധതിയിലെ പൂർത്തീകരണ പ്രഖ്യാപനവും സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും 150000/-രൂപ (ഒന്നര ലക്ഷം രൂപ മാത്രം) കമ്മിറ്റി തീരുമാനത്തിനു വിധേയമായി ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി / പ്രസിഡന്റ്, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
K Renuka
Date: 13-07-2023 15:13:21

സെക്ഷൻ ഓഫീസർ